

സത്യം നീതി ഉപവി

# THE TIMES OF CATHOLIC

Catholic Congress Global Official Voice

My Lord & My God — 'Let There Be Light'

കത്തോലിക്ക കോൺഗ്രസ് മുഖപത്രം

Syro Malabar Major Archi Episcopal Church

കരുത്തായ് കരുതലായ്

2018 DECEMBER ISSUE VOL. 03 ISSUE 04 Email: catholiccongressglobal@gmail.com





**മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ**
കൂരിയ ബിഷപ്പ് (സീറോ മലബാർ സഭ)


**ചോദ്യം : അഭിവന്ദ്യ പിതാവെ, മാറിവരുന്ന രാഷ്ട്രീയ സാമൂഹ്യ, സാമുദായിക സാഹചര്യങ്ങളിൽ അൽമായരുടെ പങ്കാളിത്തം നമ്മുടെ സഭയിൽ എത്ര മാത്രം പ്രധാനപ്പെട്ടതാണ്, അതോ ഇനിയും എത്രമാത്രം കൂടേണ്ടതുണ്ട് എന്ന് അങ്ങയുടെ കാഴ്ചപാടുകളിലൂടെ വ്യക്തമാക്കാമോ ?**

മാറിവരുന്ന സാഹചര്യം എന്ന് എല്ലാ പ്രസംഗങ്ങളിലും പറയാമെങ്കിലും, ഈ മാറ്റം എപ്പോഴും, എല്ലാ കാലത്തും ഉണ്ടായിരുന്നു. നമ്മൾ ഇപ്പോൾ ആധുനികത എന്ന് പറയുന്നത്, പഴയകാലത്ത്, അത് ആധുനികമായിരുന്നു. സമൂഹത്തിൽ വരുന്ന മാറ്റങ്ങൾ എല്ലാകാലത്തും ഉണ്ടായിരുന്നു. ആ മാറ്റങ്ങൾ ഉൾകൊള്ളുന്നതിനു അതിന്റേതായ ബുദ്ധിമുട്ടുകളും ഉണ്ടായിരുന്നു. ഇപ്പോൾ നമ്മൾ പിന്തിരിഞ്ഞു നോക്കുമ്പോൾ പഴയകാലത്തെ മാറ്റങ്ങൾ എന്ന് പറയുന്നത് ചരിത്രമായി മാറിയിട്ടുണ്ട്. അങ്ങനെ വെച്ച് നോക്കുമ്പോൾ, ഓരോ മാറ്റവും, അത് ഉണ്ടായ സന്ദർഭങ്ങളിൽ, അത് മനസിലാക്കുവാനും, അംഗീകരിക്കാനും ബുദ്ധിമുട്ടുവന്നെങ്കിലും, ഇന്നിപ്പോൾ നമ്മൾ ചരിത്രം പഠിക്കുമ്പോൾ ആ മാറ്റം ദൈവഹിതപ്രകാരം ഒരു അനുഗ്രഹമായി മാറി എന്ന് നമുക്ക് കാണാനായിട്ട് കഴിയും. പിന്നെ ഏതും അൽമായരുമായിട്ടു ബന്ധിപ്പിച്ചു ചോദിക്കുമ്പോൾ, ഈ ഒരു തരംതിരിവ് എന്ന് പറയുന്നത്, 'അൽമായർ, വൈദീകർ, സന്യസ്തർ' എന്നൊക്കെയുള്ള ഒരു തരംതിരിവ് എന്നത് ഒരു മനസിലാക്കൽ പ്രക്രിയക്ക് വേണ്ടി മാത്രം നമ്മൾ ഉപയോഗിച്ചാൽ മതിയാകും എന്നാണ് എനിക്ക് തോന്നുന്നത്. അല്ലെങ്കിൽ ചില പ്രസംഗങ്ങളിലെ അഭിസംബോധന രീതികളോ, ചില പ്രഖ്യാപനങ്ങളോ നടത്തുമ്പോൾ ഏകദേശം ഈ സഹോദരി സഹോദരൻമാരെ എന്ന് അൽമായരെ വിളിക്കുമ്പോൾ ഒരു താഴത്തെ തട്ടിലുള്ള കാഴ്ചപാട് എങ്ങനെയോ സൃഷ്ടിക്കപെട്ടുപോയി. ഒരു ഹൈരാർക്കിയൽ ഓർഡർ നമ്മളങ് കൊടുത്തുപോയി. മാർപാപ്പ യെന്നോ കർദിനാൾമാരെന്നോ, മെത്രാന്മാരെന്നോ, വൈദീകരെന്നോ, സന്യസ്തരെന്നോ, പിന്നെ ഏറ്റവും താഴെത്തട്ടിലുള്ള ഒരു വിഭാഗം എന്ന നിലയിലാണ് അൽമായരെ, അറിഞ്ഞോ അറിയാതെയോ ചിത്രീകരിക്കുന്നത്.

LAY PEOPLE എന്ന് പറയുന്നത് താഴെ തട്ടിലുള്ള ഒന്നാണ്, എന്ന ഒരു ചിന്ത സഭയിൽ സംജാതമായിട്ടുണ്ട്. യഥാർത്ഥത്തിൽ ശരിക്കുള്ള സഭാവിജ്ഞാനീയം നോക്കുകയാണെങ്കിൽ അവിടെ ഉപയോഗിച്ചിരിക്കുന്ന പദം എന്ന് പറയുന്നത് ദൈവജനം എന്നാണ്. ആ ദൈവജനത്തിന്റെ ഇങ്ങനെ ഉള്ള ഒരു തരംതിരിവ് താത്വീകമായി ഒരിക്കലും ഉള്ളതല്ല. പിന്നെ പ്രായോഗികമായ പലകാരണങ്ങളാൽ നമ്മളത് സൃഷ്ട്ടിച്ചുവെച്ചു എന്ന് മാത്രം. ദൈവത്തിന്റെ ജനമാണ് നമ്മളെല്ലാവരും. അവിടെ ഈ ഒരു അധികാര വിഭാഗം എന്ന് പറയുന്നത് ഒരു പിരമിഡ് ഘടനയാണ്. അതാണ് വത്തിക്കാൻ കൗൺസിൽ മാറാൻ തന്നെ ആഗ്രഹിച്ചത്. താത്വീകമായിട്ട് ചിലതെല്ലാം മാറിയെങ്കിലും, മനോഭാവങ്ങളിൽ വലിയ മാറ്റം ഇനിയും വരേണ്ടിയിരിക്കുന്നു. ഒരു ഇടവകയുടെ കാര്യം എടുത്താൽ, ഒരു ഇടവകയിൽ, ഒരു പുരോഹിതൻ, ഒരു അജപാലകൻ, അല്ലെങ്കിൽ സഹായിയായി ഒന്നോ രണ്ടോ പേരുണ്ടാകും. അല്ലെങ്കിൽ കുറച്ച് സന്യസ്ഥരെ മാറ്റി നിർത്തിയാൽ പിന്നെ ഉള്ളവരെല്ലാം അൽമായ സഹോദരി സഹോദരന്മാരാണ്. എന്ന് പറഞ്ഞാൽ, ഒരു ഇടവകയുടെ 99% എന്ന് പറയുന്നത് അൽമായ സഹോദരി സഹോദരന്മാരാണ്. അവിടെ നമുക്ക് ആൽമയാർക്ക് പ്രധാന്യം, അൽമായരുടെ പ്രാതിനിധ്യം എന്നൊക്കെ ചോദിച്ചാൽ അത് major Role എന്ന് പറയുന്നതാണ്. അപ്പൊ ഇവർക്ക്, ഇടവകയിലെ ദൈവജനത്തിനു ശുശ്രൂഷ ചെയ്യാൻ വിളിക്കപ്പെട്ടിട്ടുള്ള ആളുകളാണ് പുരോഹിതർ. പിന്നെ പരിശീലനത്തിന്റെ രീതികൾ കൊണ്ടോ പ്രത്യേകത കൊണ്ടോ, എന്തോ ആ ഇടവക എന്ന് പറയുന്നത് അച്ചനായി മാറി. 99% വരുന്ന അൽമായാർക്കു പ്രാധാന്യം കുറഞ്ഞു പോകുന്ന ഒരു സ്ഥിതി സംജാതമാകുന്നു. അതുകൊണ്ട് ഒരു തിരിച്ചറിവ് നമ്മുക്ക് വരേണ്ടതാണ് എന്നെനിക്ക് തോന്നുന്നു. അവർക്കു ശുശ്രൂഷ ചെയ്യുവാൻ അയക്കപ്പെട്ട വ്യക്തി എന്ന നിലയിൽ ഒരു ദാസൻ എന്ന് സ്വയം ചിന്തിക്കുകയും, അധികാരത്തിന്റേതായിട്ടുള്ള ഭാവങ്ങളോ, ശൈലികളോ ഉണ്ടെങ്കിൽ അവയൊക്കെ വെടിഞ്ഞിട്ടു ശുശ്രൂഷയുടെ മനോഭാവത്തിലേക്ക്, പുരോഹിതഗണം വരേണ്ട ഒരു കാലഘട്ടം സമാഗതമായിട്ടുണ്ട്. പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയുടെ സന്ദേശങ്ങളെല്ലാം ഊന്നിനിൽക്കുന്നത് ഈ ഒരു മേഖലയിലേക്കാണ്, അങ്ങനെ ഒരു കാഴ്ചപ്പാടാണ്.



President's Column

# പച്ചപ്പ് നഷ്ടപ്പെടുത്തിയ അഭിനയ സംസ്കാരം

'പച്ചയായ മനുഷ്യൻ' എന്ന വിശേഷണം തങ്കത്തിളക്കമാർജിക്കുന്ന കാലമാണിത്. ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം സാഭിമാനം ഏറ്റുവാങ്ങാനാകുന്ന ഏറ്റവും മഹത്തായ ആനുകാലിക ബഹുമതികളിലൊന്നാണതെന്നു പറഞ്ഞാൽ അതിശയോക്തിയാകില്ല. കാരണം ഇന്ന് ലോകം കാപട്യം നിറഞ്ഞ അഭിനയ സംസ്കാരത്തിന്റെ പിടിയിലാണ്. നമ്മിലെ മനുഷ്യനെ മറച്ചുവെച്ചുകൊണ്ട് മറ്റൊരു വ്യക്തിത്വത്തെ അവതരിപ്പിക്കുന്ന അനഭിലഷണീയ സംസ്കാരം അതിശക്തമാണ്. മുഖം മനസ്സിന്റെ കണ്ണാടിയാണെന്ന പഴഞ്ചൊല്ലിനെ മിക്കവാറും അപ്രസക്തമാക്കിക്കഴിഞ്ഞു നമ്മുടെ സാംസ്കാരിക പരിസരം.

അപ്പോസ്തലന്മാർക്കിടയിലെ പച്ചമനുഷ്യന്മാരിലൊരാളായിരുന്നു തോമാശ്ലീഹ എന്ന് കേരള ക്രിസ്ത്യാനികൾക്ക് അഭിമാനത്തോടെ പറയാനാകുമെങ്കിലും ആ പൈതൃക മഹിമ എത്രത്തോളം പകർന്നുവാങ്ങാനായി നമുക്കെന്ന ചോദ്യം ഉത്തരമില്ലാതെ അവശേഷിക്കുന്നു. ഗുരുവിനെ കാണാതെ വിശ്വസിക്കില്ലെന്ന സ്നേഹശാഠ്യം, ഗുരുവിനോടുകൂടെ പോയി മരിക്കാനുള്ള സന്നദ്ധത, 'എന്റെ കർത്താവേ എന്റെ ദൈവമേ' എന്ന നിസ്വ വചനം... തോമാശ്ലീഹ എന്ന പച്ചമനുഷ്യനെ അനാവരണം ചെയ്യുന്നു ഇതെല്ലാം. എങ്കിലും തോമാശ്ലീഹായേക്കാൾ മൂർച്ചയാർന്ന ആർജവത്തിന്റെ ശോഭയോടെ യോഹന്നാന്റെ സുവിശേഷത്തിൽ അവതരിപ്പിക്കപ്പെടാനുള്ള ഭാഗ്യം കൈവന്നത് നഥാനിയേലിനു തന്നെ. നഥാനിയേൽ തന്റെ അടുക്കലേക്ക് വരുന്നതു കാണുമ്പോൾ 'ഇതാ കാപട്യമില്ലാത്ത യഥാർഥ ഇസ്രയേൽക്കാരൻ' എന്ന് യേശു പറഞ്ഞു. യേശു ദൈവപുത്രനും ഇസ്രയേലിന്റെ രാജാവുമാണെന്ന് നഥാനിയേൽ എന്ന പച്ചമനുഷ്യൻ വിഘ്നലേശമെന്യേ ഏറ്റുപറയുകയും ചെയ്യുന്നു.

തുടരും... 4-ാം പേജ്

# രേഖാ ശർമ ക്രൈസ്തവ വിരുദ്ധ പ്രചാരക:

## കത്തോലിക്ക കോൺഗ്രസ്

തൊടുപുഴ: കേന്ദ്ര വനിതാ കമ്മീഷൻ അദ്ധ്യക്ഷ രേഖാ ശർമ ക്രൈസ്തവ വിരുദ്ധ പ്രചാരക യായി മാറിയിരിക്കുകയാണെന്ന് കത്തോലിക്ക കോൺഗ്രസ് ദേശീയ പ്രസിഡന്റ് ബിജു പറയന്നിലം. ലക്ഷകണക്കിന് കന്യാസ്ത്രീകൾ നയിക്കുന്ന വിശുദ്ധ ജീവിതത്തെ ആക്ഷേപിച്ച വനിതാ കമ്മീഷൻ ചെയർപേഴ്സൺ സ്ത്രീകളുടെ അഭിമാനത്തെയാണ് ചോദ്യം ചെയ്യുന്നത്. കത്തോലിക്ക സഭയെ മനസ്സിലാക്കാതെ വിഢ്ഢിത്തം വിളമ്പുന്ന രേഖാ ശർമയെ നിലക്കു നിർത്താൻ ബി.ജെ.പി. തയ്യാറാകണം.

കേന്ദ്ര വനിതാ കമ്മീഷൻ കേരളത്തിൽ വരുമ്പോൾ വാർത്തകളിലിടം പിടിക്കാൻ സഭയെ ആക്ഷേപിക്കുന്ന സ്ഥിരം ശൈലി അവസാനിപ്പിക്കണമെന്നും ബിജു പറയന്നിലം ആവശ്യപ്പെട്ടു.

## വിജ്ഞാന കൈരളി ഡയറക്ടറുടെ വിവാദപരമായ ലേഖനം പിൻവലിച്ചു

വിജ്ഞാന കൈരളി ഡയറക്ടറുടെ വിവാദപരമായ ലേഖനം പിൻവലിച്ചിരിക്കുന്നതിൽ സന്തോഷമുണ്ട്. ഈ വിഷയത്തിൽ കത്തോലിക്ക കോൺഗ്രസ് എടുത്ത നിലപാടും, സംസ്ഥാന വ്യാപകമായി നടത്തിയ ധർണ്ണകളും, പ്രതിഷേധങ്ങളും ഫലംകണ്ടു. വിജ്ഞാന കൈരളിയുടെ കോപ്പി കത്തിച്ചു കൊണ്ട് ഗ്ലോബൽ പ്രസിഡൻറ് അഡ്വ. ബിജു പറയന്നിലം പറഞ്ഞ വാക്കുകൾ ഒരിക്കൽ കൂടെ ആവർത്തിക്കുന്നു. ‘സർക്കാർ ചെലവിൽ മതനിന്ദ നടത്താൻ ആരെയും അനുവദിക്കില്ല ‘ഇത് ശക്തമായ ഒരു താക്കീതാണ്. ഉത്തരവാദിത്വപ്പെട്ട സ്ഥാനങ്ങളിൽ ഇരുന്നുകൊണ്ട് തോന്നിയതൊക്കെ വിളിച്ച് പറയുവാനും, പിന്നീട് ഖേദം പ്രകടിപ്പിച്ച് തടി തപ്പുവാനും ഇനി ആരും ശ്രമിക്കണ്ട.

## മതവിശ്വാസങ്ങളിലേക്കുള്ള കടന്നുകയറ്റം അനുവദിക്കില്ല

**ബിഷപ്പ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

കൊച്ചി: മതവിശ്വാസങ്ങളിലേക്ക് അധികാരമുപയോഗിച്ചുള്ള കടന്നുകയറ്റം ഏതുഭാഗത്തു നിന്നാണെങ്കിലും അത് ജനാധ്യപത്യത്തിനും മതേതരത്വത്തിനും നിരക്കാത്തതാണെന്നു ബിഷപ്പ് മാർ. റെമീജിയോസ് ഇഞ്ചനാനിയിൽ. പാലാരിവട്ടം പി.ഒ.സി യിൽ ചേർന്ന കത്തോലിക്ക കോൺഗ്രസ് കേന്ദ്ര സമിതിയോഗം ബിഷപ്പ് മാർ. റെമീജിയോസ് ഇഞ്ചനാനിയിൽ ഉൽഘാടനം ചെയ്തു. വിജ്ഞാന കൈരളി എഡിറ്റോറിയലിന്റെയും, ശബരിമല സംബന്ധിച്ച സമകാലീന സംഭവങ്ങളുടെയും പശ്ചാത്തലത്തിൽ സർക്കാർ സ്വീകരിക്കേണ്ട നയവും, സംവിധാനങ്ങളും, പ്രതികരണങ്ങളും വിശ്വാസികളുടെ താല്പര്യം സംരക്ഷിക്കുന്ന തരത്തിലായിരിക്കണമെന്നും, മറിച്ചാവുന്ന പക്ഷം കത്തോലിക്ക കോൺഗ്രസ് സർക്കാരിനെതിരെ പരസ്യ നിലപാടുകൾ സ്വീകരിക്കുവാൻ നിർ.ബന്ധിതരാവു മെന്നും കേന്ദ്ര സമിതി അംഗീകരിച്ച പ്രമേയം മുന്നറിയിപ്പുനൽകി. പ്രളയാനന്തര കേരളത്തി ന്റെ ഉദ്ധാരണത്തിനും, കാർഷിക പ്രതിസന്ധി കൾ പരിഹരിക്കുന്നതിലും, റോഡുകളുടെ ശോ ചനീയാവസ്ഥ പരിഹരിക്കുന്നതിലും, സർക്കാർ മെല്ലെപോക്കുനയമാണ് കൈക്കൊള്ളുന്നതെന്നും, ലഭ്യമായ പണം ചെലവഴിക്കുന്നതിലും, പുനരുദ്ധാരണ മാസ്റ്റർ പ്ലാൻ പൂർത്തീകരിക്കുന്നതിലും സർക്കാർ പരാജയപ്പെടുകയാണെന്നും കേന്ദ്ര സമിതി വിലയിരുത്തി. ആസന്നമായ ലോകസഭാ തെരഞ്ഞെടുപ്പിൽ രാജ്യത്തെ ജനാധിപത്യവും, മതേതരത്വവും സംരക്ഷിക്കപ്പെടുവാൻ കൂടുതൽ ഉത്തരവാദിത്വത്തോടുകൂടി കത്തോലിക്ക സമുദായം ഉണർന്നു പ്രവർത്തിക്കണമെന്നും, ജനങ്ങൾ ഇന്ന് അഭിമുഖീകരിക്കുന്ന കാർഷിക പ്രതിസന്ധികൾക്കും ജനാധ്യപത്യ പ്രക്രിയയിലൂടെ പരിഹാരം കണ്ടെത്തുവാനുള്ള അവസരമാണ് തെരഞ്ഞെടുപ്പെന്നും അതിനായി കത്തോലിക്ക കോൺഗ്രസിന്റെ എല്ലാ ഘടകങ്ങളും സുശക്തമായ നിലപാടുകൾ സ്വീകരിക്കണമെന്നും കേന്ദ്ര സമിതി ആവശ്യപ്പെട്ടു. തുടർന്ന് പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലം, ഡയറക്ടർ ഫാ. ജിയോ കടവി, ജനറൽ സെക്രട്ടറി ടോണി പുഞ്ചകുന്നേൽ, ട്രഷറർ പി. ജെ. പാപ്പച്ചൻ, കെ. സി. എഫ്. ജനറൽ സെക്രട്ടറി വർഗീസ് കോയിക്കര, ജോസ് മേനാച്ചേരി, പ്രൊഫ.. കെ. ജെ. ജോയ്, സാജു അലക്സ്, ആന്റണി. കെ. ജെ., സെലിൻ മുണ്ടമറ്റം, പ്രൊഫ. ജാൻസൺ ജോസഫ്, അഡ്വ, ബിജു കുണ്ടുകുളം, ജോർജ് കെ. സി., മോഹൻ ഐസക്, തോമസ് പീടികയിൽ, ഡോ. ജോസ് കുട്ടി ഒഴുകയിൽ, ബെന്നി ആന്റണി, ആന്റണി. എൽ. തൊമ്മാന, ബിറ്റി നെടുനിലം, ഫീസ്റ്റി മാമ്പിള്ളി എന്നിവർ സംസാരിച്ചു.



എറണാകുളം പി.ഓ.സി യിൽ ചേർന്ന കേന്ദ്ര സമിതി, ബിഷപ്പ് ലെഗേറ്റ് മാർ. റെമീജിയോസ് ഇഞ്ചനാനിയിൽ ഉൽഘാടനം ചെയ്യുന്നു



# 'ഒരു ഡിസംബർ യാത്ര!'

ജീവിതം ഒരു യാത്രയാണ് !!!

പ്രിയരെ....

ഡിസംബറിന്റെ ആരംഭത്തിൽ നമുക്ക് ഒരു യാത്രയെ ക്കുറിച്ച് തന്നെ ചിന്തിക്കാം...

ഡിസംബർ മാസം നിരവധി യാത്രകളുടെ മാസമാണല്ലോ... പണ്ടൊരു ഡിസംബർ മാസത്തിൽ സ്വർഗ്ഗത്തിൽ നിന്നും മനുഷ്യ കുലത്തെ രക്ഷിക്കുവാൻ വേണ്ടിയുള്ള ദൈവീക പദ്ധതി നടപ്പിലാക്കുവാൻ ഭൂമിയിലേക്ക് മംഗളവാർത്തയുമായി ഗബ്രിയേൽ മാലാഖ യാത്ര തിരിക്കുമ്പോൾ ഡിസംബർ യാത്ര തുടങ്ങുകയായി..

തുടർന്ന് നിരവധി യാത്രകൾ നാം കാണുന്നുണ്ട്... ജോസഫും മറിയവും നസ്രത്തിൽ നിന്ന് ബത്‌ലഹേമിലേക്ക് യാത്ര തിരിക്കുന്നു....

മാലാഖ വൃന്ദം മംഗളവാർത്തയുമായി യാത്ര തിരിക്കുന്നു..... ആട്ടിടയൻ മാർ പുൽക്കൂടു തേടി യാത്രയാകുന്നു... കിഴക്കുനിന്ന് മൂന്ന് രാജാക്കന്മാർ യാത്ര തുടങ്ങുന്നു... ആരുമറിയാതെ ആകാശത്ത് ഒരു നീല നക്ഷത്രം.. അവർക്കെല്ലാം മുൻപെ .. നീങ്ങി തുടങ്ങിയിരുന്നു.

ഇവർക്കെല്ലാം കൃത്യ സ്ഥലം അറിയില്ലായിരുന്നു എങ്കിലും ആവേശത്തോടെ തികച്ചും ആകാംക്ഷയോടെ യാത്ര തിരിക്കുന്നു... ഒരു പക്ഷെ വീണു പോയേക്കാം, വഴി തെറ്റിയേക്കാം... എങ്കിലും അവർക്കൊരു ദൃഢനിശ്ചയമുണ്ടായിരുന്നു ..

അത് അവരെ ലക്ഷ്യസ്ഥാനത്തെത്തിച്ചു. നിന്റെ ജീവിതം എന്തുമാവട്ടെ... കഴിഞ്ഞ കാലം എങ്ങനെയുമാവട്ടെ... അതെല്ലാം പിറകിലാക്കി നമുക്ക് യാത്ര തുടരാം... മനസ്സുകൊണ്ടെങ്കിലും മുൻപോട്ട് യാത്ര ചെയ്യാം.. എന്നാൽ... ഇത്രമാത്രം യാത്രക്കിടയിൽ യാത്ര ചെയ്യാത്ത ഒരുവനുണ്ടായിരുന്നു ‘ഹേറോദോസ് ‘ഒരിക്കൽ പോലും കൊട്ടാരം വിട്ട് പുറത്തക്ക് പോയില്ല... പുറത്തക്ക് യാത്ര ചെയ്തില്ല.. ഒരു വയസ്സിന് താഴെ ഉള്ളവരെയെല്ലാം കൊലചെയ്യുവാൻ തീരുമാനിക്കുമ്പോഴും മനസ്സുകൊണ്ടു പോലും പുറത്തേക്ക്... പുൽക്കൂട്ടിലേക്ക് .. യാത്ര ചെയ്യുവാൻ തയ്യാറാകാതെ ക്രൂരമായ തീരുമാനങ്ങൾ അയാൾ എടുക്കുകയായിരുന്നു.

നമ്മുടെ മനസ്സും ഇതുപോലെ തന്നെ യാത്ര തുടരുന്നില്ലായെങ്കിൽ.... നമ്മുടെ മനസ്സ് നമ്മെക്കൊണ്ട് പലതും ചെയ്യിപ്പിക്കും. പ്രതികാരത്തിന്റെയും, നിരാശയുടെയും, ആത്മഹത്യകളുടേയും, ലൈംഗീക വൈകൃതങ്ങളുടെയും, കൊലപാതകത്തിന്റെയും വരെ ബന്ധനത്തിൽ നമ്മെ അത് കൊണ്ടു ചെന്നെത്തിക്കും:

ആയതിനാൽ ഈ പുതിയ യാത്ര നമുക്ക് ഇന്ന് തുടങ്ങാം... എന്നിൽ നിന്നുമാവട്ടെ ഈ യാത്രയുടെ തുടക്കം.. ഓർക്കാം... ജീവിതം ഒരു യാത്രയാണ്.. ഒരു ഡിസംബർ യാത്ര.... ശാന്തിയുടെയും... സമാധാനത്തിന്റെയും... സ്നേഹത്തിന്റെയും... സന്തോഷത്തിന്റെയും... പ്രണയത്തിന്റെയും... പുൽക്കൂടു തേടിയുള്ള ഒരു യാത്ര.. വഴിമാറി യാത്ര ചെയ്യുവാൻ ഉള്ളിൽ വെളിച്ചം കിട്ടിയവർ ഭാഗ്യവാൻ മാർ...

പ്രിയരെ... നിങ്ങൾക്ക് നല്ല ഒരു ഡിസംബർ യാത്ര നേരുന്നു

ദൈവം അനുഗ്രഹിക്കട്ടെ...

**ബെന്നി ആന്റണി**
**മാധ്യമവിഭാഗം കോ–ഓർഡിനേറ്റർ**





2018 സെപ്റ്റംബർ 15 ന് സഭാ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ്. തോമസിൽ വച്ച് കൂടിയ കത്തോലിക്ക കോൺഗ്രസ് മീഡിയ സമിതിയുടെ തീരുമാനപ്രകാരം എല്ലാ രൂപതകളിലും ശക്തമായ ഒരു മാധ്യമ സമിതി രൂപീകരിക്കുന്നതിന്റെ ഭാഗമായി നവംബർ 18 ന് കോതമംഗലം രൂപതയിൽ നടന്ന സാമൂഹ്യ മാധ്യമ പരിശീലനവും, മാധ്യമ സമിതി രൂപീകരണവും ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലം ഉദ്ഘാടനം ചെയ്തു. മാധ്യമവിഭാഗം കോ-ഓർഡിനേറ്റർ ബെന്നി ആന്റണി ക്ലാസ്സ് നയിച്ചു.



പാലാ രൂപത മാധ്യമ സമിതി രൂപീകരണവും സൈബർ ആക്ഷൻ ഫോറം ഉദ്ഘാടനവും ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട് നിർവ്വഹിച്ചു. രൂപത പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ, ഡയറക്ടർ ജോർജ്ജ് വർഗ്ഗീസ് ഞാറക്കുന്നേൽ ജന. സെക്രട്ടറി ഇമ്മാനുവൽ നിധിരി, രൂപത ഭാരവാഹികൾ, കത്തോലിക്ക കോൺഗ്രസ്സ് അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു. മാധ്യമവിഭാഗം കോ – ഓർഡിനേറ്റർ ബെന്നി ആന്റണി ക്ലാസ്സ് നയിച്ചു.

# വിശ്വസ്തതയുള്ള അൽമായ നേതൃത്വം സഭയുടെ കരുത്ത്

**ഡോ. ആന്റണി കൊള്ളന്നൂർ**

തൊടുപുഴ: വിശ്വസ്തതയോടെയുള്ള ശക്തമായ അൽമായ നേതൃത്വമാണ് കത്തോലിക്ക സഭയുടെ കരുത്തും പ്രതീക്ഷയുമെന്ന് സീറോ മലബാർ സഭാ ചാൻസിലർ ഡോ. ആന്റണി കൊള്ളന്നൂർ. കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതി വാർഷികം എം. ഡി. ജോസഫ് മണ്ണിപ്പറമ്പിൽ നഗറിൽ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിന് വെളിയിലും, സഭയുടെ എല്ലാ രൂപതകളിലും കത്തോലിക്ക കോൺഗ്രസ് വളർന്നു വരുന്നത് കൂട്ടായ്മയോടെ സമുദായത്തിന്റെ അവകാശങ്ങൾ നേടാൻ സഹായകമാകും. പുത്തൻ ഉണർവ്വോടെ അൽമായ നേതൃത്വം മുന്നോട്ട് പോകണമെന്ന് ചാൻസലർ ആഹ്വാനം ചെയ്തു.




കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതി വാർഷിക. സീറോ മലബാർ സഭ ചാൻസിലർ ഡോ. ആന്റണി കൊള്ളന്നൂർ ഉദ്ഘാടനം ചെയ്യുന്നു. ടോണി പുഞ്ചക്കുന്നേൽ. ടോമി തുരുത്തിക്കര, മോൺ. ജോർജ്ജ് ഒലിയപ്പുറം, ഡോ. ജോസുകുട്ടി ഒഴുകയിൽ. പി. ജെ. ജോസഫ് എം.എൽ.എ. പി. ജെ. പാപ്പച്ചൻ, ബിജു പറയന്നിലം, ഫാ. ജിയോ കടവി, ഫാ. ജോർജ്ജ് പാട്ടത്തേക്കുടി, വി വി അഗസ്റ്റിൻ തുടങ്ങിയവർ സമീപം.

പൗരോഹിത്യത്തിന്റെ സുവർണ്ണ ജൂബിലി നിറവിലുള്ള കോതമംഗലം രൂപതാ വികാരി ജനറാളും, കത്തോലിക്ക കോൺഗ്രസ് ഡയറക്ടറുമായ മോൺ. ജോർജ്ജ് ഒലിയപ്പുറത്തിനെ സമ്മേളനത്തിലെ മുഖ്യ അതിഥിയായ പി. ജെ. ജോസഫ് എം.എൽ.എ പൊന്നാട അണിയിച്ച് ആദരിച്ചു. അൻപത് വർഷത്തെ ഓലിയപ്പുറത്തച്ഛന്റെ നിസ്വാർത്ഥമായ സേവനം മാതൃകാപരമാണെന്നും, വിശുദ്ധ ജീവിതത്തിന്റെ ഉടമയാണ് ജൂബിലേറിയൻ എന്നും പി. ജെ. ജോസഫ് പറഞ്ഞു.

കസ്തൂരി രംഗൻ റിപ്പോർട്ടിലെ ജനവാസ മേഖലയിലെ പരിസ്ഥിതി നിയന്ത്രണങ്ങളിൽ ഭേദഗതി വരുത്തികൊണ്ടുള്ള കരട് വിജ്ഞാപനം സ്വാഗതാർഹമാണ്, എന്നാൽ രാജ്യത്ത് നിരന്തരം ഉണ്ടാകുന്ന വിവാദങ്ങളിൽ പെട്ട് കർഷകന്റെ ജീവൽ പ്രശ്നങ്ങൾ ഭരണകൂടങ്ങളുടെ പരിഹാരം ലഭിക്കാതെ മുങ്ങിപ്പോവുകയാണെന്നും, കാർഷിക പ്രശ്നങ്ങൾക്കും, വന്യമൃഗശല്യങ്ങൾക്കും ശാശ്വതപരിഹാരം കാണുവാൻ കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കെതിരെ സമരം നടത്തുവാൻ പ്രതിനിധി സമ്മേളനം തീരുമാനിച്ചു. സമ്മേളനത്തിൽ ആന്റണി എൽ തൊമ്മാന, ടോമി തുരുത്തിക്കര, ബേബി മുളവേലിപ്പുറം, സെബാസ്റ്റ്യൻ വടശ്ശേരി, സി. എം. മാത്യു എന്നിവരെ ആദരിച്ചു.

പ്രസിഡന്റ് ബിജു പറയന്നിലത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഡയറക്ടർ ഫാ. ജിയോ കടവി, ജനറൽ സെക്രട്ടറി ടോണി പുഞ്ചക്കുന്നേൽ, മോൺ. ജോർജ്ജ് ഓലിയപ്പുറം, വി. വി. അഗസ്റ്റിൻ, പി. ജെ. പാപ്പച്ചൻ, ഫാ. ജിയോ തടിക്കാട്ട്, ഫാ. ജോർജ്ജ് പട്ടത്തേക്കുഴി, സ്റ്റീഫൻ ജോർജ്ജ്, ഡോ. ജോസുകുട്ടി ഒഴുകയിൽ, ബെന്നി ആന്റണി, സെലിൻ സിജോ, ബേബി പെരുമാലി, ജോൺ മുൻകാവിൽ, ജോർജ്ജ് കോയിക്കൽ, റോജാ ജോസഫ് എന്നിവർ പ്രസംഗിച്ചു.

## ക്രൈസ്തവ വിശ്വാസ സമൂഹത്തെ ദുർബ്ബലപ്പെടുത്താനുള്ള മാധ്യമങ്ങളുടെ പരിശ്രമങ്ങളെ തിരിച്ചറിയണം

**അജോ വട്ടുകുന്നേൽ**

ലോകത്തിന്റ വിവിധ ഭാഗങ്ങളിൽ നടക്കുന്ന സംഭവങ്ങളേക്കുറിച്ചും അതുപോലെതന്നെ വ്യക്തികളേക്കുറിച്ചും പൊതുസമൂഹം അഭിപ്രായ രൂപീകരണം നടത്തുന്നത് മാധ്യമങ്ങളിലൂടെ ലഭിക്കുന്ന വാർത്തകളിലൂടെയാണ്. എന്നാൽ മാധ്യമങ്ങളിലൂടെ ഇന്ന് ലഭിക്കുന്ന വാർത്തകളിൽ പലതും, ആളുകളിൽ ആകാംഷയും സംഭ്രമവും ഉണ്ടാക്കി ജനശ്രദ്ധ നേടാനും, അതുവഴി റേറ്റിംങ്ങ് വർദ്ധിപ്പിക്കാനുമായി കെട്ടിച്ചമയ്ക്കുന്ന വാർത്തകളാണ്. അതുകൊണ്ടുതന്നെ വാർത്ത എന്നാൽ സത്യം എന്ന അർത്ഥം ഇപ്പോൾ ഇല്ല. സമൂഹത്തിൽ ക്രിയാത്മകമായ ഇടപെടലുകൾ നടത്തി കൂടുതൽ മെച്ചപ്പെട്ട ഒരു സമൂഹം കെട്ടിപ്പടുക്കാൻ മാധ്യമങ്ങൾക്ക് കടമയുണ്ട്. എന്നാൽ തങ്ങളുടെ കച്ചവട താല്പര്യങ്ങൾക്ക് മാത്രമാണ് ഇന്ന് മാധ്യമങ്ങൾ പ്രഥമ പരിഗണന നല്കുന്നത്. ഏകപക്ഷീയമായ നിലപാടുകൾ സ്വീകരിക്കുന്ന മാധ്യമങ്ങളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ടുതന്നെ സത്യസന്ധമായ വാർത്തകൾ തിരിച്ചറിയാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഇത് ഗുരുതരമായ സാമൂഹ്യ വിപത്തുകൾക്കിടയാക്കും. മാർപ്പാപ്പ ക്രിസ്തുവിനോടും സാർവ്വത്രിക സൂനഹദോസിനോടും അനുസരണം പ്രകടിപ്പിക്കുന്നു. മെത്രാന്മാർ മാർപ്പാപ്പയെ അനുസരിക്കുന്നു. വൈദികർ മെത്രാന്മാരെ അനുസരിക്കുന്നു. ദൈവജനം വൈദികരോട് അനുസരണം പ്രകടിപ്പിക്കുന്നു. കത്തോലിക്കാ സഭയിലെ അംഗങ്ങൾക്ക് ക്രിസ്തുവിനോടുള്ള സ്നേഹവും, അവർക്ക് പരസ്പരമുള്ള സ്നേഹവും അനുസരണവുമാണ് സഭയുടെ കെട്ടുറപ്പിന്റെ അടിസ്ഥാനം. പത്രോസിന്റെ പിൻഗാമികളായ മാർപ്പാപ്പയോടും അപ്പസ്തോലന്മാരുടെ പിൻഗാമികളായ മെത്രാന്മാരോടും ചേർന്ന് ദൈവജനം ഒരു കൂട്ടായ്മയായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. സഭയിലെ ഈ കൂട്ടായ്മ ഉപേക്ഷിച്ച്, തന്നിഷ്ടത്തിലും സ്വാർത്ഥതയിലും സഭാനേതൃത്വവും അല്മായരും വ്യാപരിക്കുമ്പോഴാണ് സഭയിൽ അനീതികളും ജീർണ്ണതകളും ഉണ്ടാകുന്നത്. എത്ര കെട്ടുറപ്പുള്ള കുടുംബമാണെങ്കിലും പരസ്പരമുള്ള വിശ്വാസം നഷ്ടമായാൽ അത് എത്ര വലിയ പ്രസ്ഥാനമാണെങ്കിലും ദുർബ്ബലപ്പെടും. കത്തോലിക്കാ സഭ കുറ്റകൃത്യങ്ങൾ ചെയ്യുന്നവരെ സംരക്ഷിക്കുന്നു, സഭയിൽ അനീതികൾ നടമാടുന്നു തുടങ്ങിയ അടിസ്ഥാനരഹിതമായ പ്രചരണങ്ങൾ വിവിധ മാധ്യമങ്ങൾ നടത്തുന്നു. പൊതുസമൂഹത്തിൽ നിലനില്ക്കുന്ന അതീവ ഗൗരവതരമായ നിരവധി സാമൂഹ്യപ്രശ്നങ്ങളെ അവഗണിച്ചുകൊണ്ട് കത്തോലിക്കാ സഭയിൽ സംഭവിക്കുന്ന തിന്മകളെക്കുറിച്ച് നിരന്തരം ചർച്ചകൾ സംഘടിപ്പിക്കുന്നു. നമ്മുടെ കുഞ്ഞുങ്ങളേയും യുവജനങ്ങളേയും വിശ്വാസത്തിൽ നിന്നും അകറ്റുന്ന തരത്തിലുള്ള പ്രചരണങ്ങളും വിശ്വാസസമൂഹത്തെ ദുർബ്ബലപ്പെടുത്താനുള്ള പരിശ്രമങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. ഇത് ക്രൈസ്തവ വിശ്വാസി കളായ നാം തിരിച്ചറിയണം. സകല മനുഷ്യരുടേയും ആത്മരക്ഷയ്ക്കുവേണ്ടി പ്രവർത്തിക്കുവാൻ കടപ്പെട്ട സഭയ്ക്ക് ഭൗതിക ശിക്ഷകൾക്കും ജയിലുകൾക്കും പകരം കുമ്പസാര കൂടുകളാണുള്ളത്. മനുഷ്യ

ന്റെ കോപം ദൈവനീതിയുടെ പ്രവർത്തനത്തെ ത്വരിതപ്പെടുത്തുന്നില്ല (യാക്കോബ് 1:20). അതുകൊണ്ട് അനീതിക്കെതിരെയുള്ള നമ്മുടെ പോരാട്ടങ്ങളിലും, പ്രതികരണങ്ങളിലും കോപം കടന്നുവരാതിരിക്കാൻ നാം പ്രത്യേകം ശ്രദ്ധിക്കണം. അനീതികളെ ആത്മവിശുദ്ധിയോടെ നേരിട്ടില്ലെങ്കിൽ നമ്മുടെ പോരാട്ടങ്ങൾ വെറും കലഹങ്ങൾ മാത്രമായി അവശേഷിക്കും എന്നു കൂടി നാം മനസ്സിലാക്കേതുണ്ട്.

പത്രം, റേഡിയോ, ടെലവിഷൻ തുടങ്ങിയ പരമ്പരാഗത മാധ്യമങ്ങളേക്കാൾ വാട്സ് ആപ്പ്, ഫെയ്സ് ബുക്ക് തുടങ്ങിയ നവമാധ്യമങ്ങൾ കരുത്താർജ്ജിച്ചുകൊണ്ടിരിക്കുന്നു. പത്രദൃശ്യ മാധ്യമങ്ങൾ തങ്ങളുടെ കച്ചവട താല്പര്യങ്ങൾ സംരക്ഷിക്കുവായി പ്രസിദ്ധീകരിക്കാത്ത വാർത്തകൾ പലതും പൊതുസമൂഹം അറിയുന്നത് സോഷ്യൽ മീഡിയകളിലൂടെയാണ്. എന്നാൽ വിഭാഗിയത, വർഗ്ഗീയത, മതനിന്ദ തുടങ്ങിയ സാമൂഹ്യ തിന്മകൾ വളർത്തുവാൻ നവമാധ്യമങ്ങൾ ഇടയാക്കുന്നുവെന്നത് അതീവ ഗൗരവതരമായ ഒരു പ്രശ്നമാണ്. അഭിപ്രായരൂപീകരണത്തിൽ, പുരോഗമനപരവും അതേസമയം നശീകരണപരവുമായി ഇടപെടാൻ കഴിയുന്ന നവമാധ്യമങ്ങൾക്കെതിരെ നാം ജാഗരൂകരായിരിക്കണം.

ഗുരുവിന്റെ പാത പുണർന്ന് ഹൃദയത്തിന്റെ നിറവിൽനിന്ന് അധരം സംസാരിച്ചപ്പോൾ തോമാശ്ലീഹായും നഥാനിയേലും ആർജ്ജവ പ്രതീകങ്ങളായി. വേവലാതിയോടെ ഡയോജനിസ് അന്വേഷിച്ചത് ഇത്തരം പച്ചമനുഷ്യരെയായിരുന്നു. എന്നാൽ, മനസ്സിലുള്ളത് പ്രകടിപ്പിക്കാതെ സാഹചര്യം അനുസരിച്ച് അവസരവാദത്തോടെ പ്രവർത്തിക്കുവാനുള്ള അസാമാന്യ കഴിവാണ് നാം ഇന്ന് ആർജ്ജിച്ചിരിക്കുന്നത്. ഒരേ വിഷയത്തിൽ, ഒരേ വ്യക്തി, രണ്ട് വേദികളിൽ, രണ്ട് തരത്തിൽ ആധികാരികമായി സ്വന്തം അഭിപ്രായം പറയുന്നത് കണ്ട് ആശ്ചര്യപ്പെട്ട നിരവധി അനുഭവങ്ങൾ എനിക്കുണ്ട്. എന്ത് എവിടെ പാസാകുന്നുവോ, അത് സ്വന്തം അഭിപ്രായമാക്കുന്ന അല്പമനസ്സുകൾ വർദ്ധിച്ചുവരുന്നു. ഇപ്രകാരമുള്ള ദ്വിമുഖങ്ങളെ സംഘടനാ പ്രവർത്തനവുമായി മുന്നോട്ട് പോകുമ്പോൾ നമുക്ക് കണ്ടുമുട്ടേിവരുന്നു. അഭിപ്രായ പ്രകടനങ്ങൾക്ക് അടിസ്ഥാനമായ മാനസികാവസ്ഥ പല രീതിയിൽ രൂപപ്പെട്ടതാകാം. സ്ഥാനം ലഭിക്കാത്തവർ, ഉദ്ദേശിച്ച സ്ഥാനം ലഭിക്കാത്തവർ, ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുവാൻ തയ്യാറല്ലാത്തവർ, നേതൃപാടവമില്ലാതെ സ്ഥാനം ലഭിച്ചവർ, ഏറ്റെടുക്കുന്ന ഉത്തരവാദിത്വങ്ങൾ നിറവേറ്റുവാൻ ത്രാണിയില്ലാത്തവർ, വിമർശനം മാത്രം മുതൽകൂട്ടായവർ, വിഭാഗീയത സൃഷ്ടിക്കുന്നവർ, നിസ്സംഗതയുള്ളവർ, പ്രാദേശികവും സങ്കുചിതവും നിഷിപ്തവുമായ താത്പര്യം ഉള്ളവർ, ലാഭം മാത്രം ചിന്തിക്കുന്നവർ... ഇങ്ങനെ പല ഘടകങ്ങൾ മൂലം അധമചിന്തകളാൽ നയിക്കപ്പെടുന്നവരായി നാം അറിഞ്ഞോ, അറിയാതെയോ മാറുന്ന കാഴ്ചകളാണ് കാണുന്നത്. ഇവരെ നെഗറ്റീവ് ചിന്തകളുടെ ഉടമകൾ എന്ന് പൊതുവായി വിശേഷിപ്പിക്കാം. ഇത്തരം ചിന്തകൾ നാം പ്രതിനിധാനം ചെയ്യുന്ന പ്രസ്ഥാനത്തിനു ഹാനികരമാകും. മാത്രമല്ല, സ്വയം നശിക്കുന്ന ജീവിത ശൈലിയുടെ ഉടമകളായി നാം അധഃപതിക്കുമെന്നും പറയേണ്ടിയിരിക്കുന്നു. നമ്മുടെ സമുദായത്തിൽ നേതൃത്വങ്ങൾ രൂപപ്പെടുന്നത് ബാല്യകാലം മുതലുള്ള ഭക്തസംഘടനാ പ്രവർത്തനങ്ങളിലൂടെയാണ്. ആദ്ധ്യാത്മിക ഉപദേഷ്ടാവായ വൈദികന്റേയും, ആനിമേറ്ററായ സിസ്റ്ററിന്റെയും തണലിൽ അവർ തന്നെ ഒരുക്കുന്ന വളയത്തിൽ നിന്നുള്ള പരിശീലനമേ മിക്കവരും സ്വായത്തമാക്കിയിട്ടുള്ളൂ. ശൂന്യതയിൽ നിന്ന് ഏന്തെങ്കിലും കെട്ടിപ്പടുക്കുവാനോ, അതിന് നേതൃത്വം നൽകുവാനോ ഉള്ള മാനസിക ധൈര്യം നാം ഇനിയും രൂപപ്പെടുത്തിയിട്ടില്ല. കരിസ്മാറ്റിക് അല്ലെങ്കിൽ ബൈബിൾ കൺവെൻഷനുകളിലെ ആൾക്കൂട്ടങ്ങളെ നിയന്ത്രിക്കുവാനും, ഓരോ സെക്ടറുകളിലും വി. കുർബ്ബാനയും, കുടിവെള്ളവും മറ്റും എത്തിക്കുവാനും സജീവമായി നിൽക്കുന്ന ലീഡർമാരെ നാം കാണാറുണ്ട്. എന്നാൽ ഈ കൺവെൻഷൻ സെന്ററിലേക്ക് ആളുകൾ എത്തുന്നതിൽ ഈ ലീഡർമാരുടെ പങ്ക് തുലോം തുച്ഛമാണ്. സംഘടനാ പ്രവർത്തനങ്ങളിൽ ലീഡർഷിപ്പ് എന്നത് സംഘാടക ശേഷിയിലാണ്. ലക്ഷ്യം വേണം, ആശയം വേണം, നിശ്ചയദാർഢ്യം വേണം, നിരന്തരമായ കഠിനാധ്വാന ശൈലി വേണം, ത്യാഗമനോഭാവം വേണം... ഇത് നമ്മുടെ സമുദായത്തിൽ അന്യം നിന്നു വരുന്ന വൈഭവങ്ങളാണ്. മിടുക്കരായ നമ്മുടെ യുവ എഞ്ചിനീയർമാർ എന്തുകൊണ്ട് ഒരു റിസ്കും ഏറ്റെടുക്കുവാൻ തയ്യാറാകാതെ വെറും 20,000 രൂപ മാസ ശമ്പളത്തിന് മറ്റുള്ളവരുടെ കീഴിൽ ജോലി ചെയ്യുന്നു എന്നു ചിന്തിക്കണം. നമ്മുടെ സമുദായത്തിലും, സംഘടനകളിലും വർദ്ധിച്ചുവരുന്ന മാരക രോഗമാണ് കൂട്ടായ്മക്കുറവ്.' സിനിസിസ്'ത്തിന്റെയും 'സാഡിസ'ത്തിന്റെയും തള്ളൽ പ്രകടം. നല്ലതു പറയുവാനോ, നല്ലതിനെ പ്രോത്സാഹിപ്പിക്കുവാനോ നാം ശ്രമിക്കാതെ എന്തിലും കുറ്റം കണ്ടുപിടിച്ച് ഇല്ലായ്മപ്പെടുത്തുവാനുള്ള ഉത്സാഹമാണ് മുന്നിൽ നിൽക്കുന്നത്. ഒന്നിനോടും ക്ഷമിക്കാൻ പറ്റാത്ത കഠിന ഹൃദയങ്ങളായി നാം മാറിയോ? ക്ഷമിക്കണമെങ്കിൽ സ്നേഹത്തിന്റെ സാന്നിദ്ധ്യം മനസ്സിൽ വേണം. ശത്രുവിനെ സ്നേഹിക്കുവാൻ അത്ര എളുപ്പമല്ല. എന്നാൽ നമ്മുടെ സന്തതസഹചാരിയെ സ്നേഹിക്കുവാൻ നാം തയ്യാറുണ്ടോ?

മുമ്പേ പരാമർശിച്ച അഭിനയ സംസ്കാരത്തിന് പല മുഖങ്ങളുണ്ട്. അധികാര സ്ഥാനങ്ങളിലെത്തുമ്പോൾ മറ്റുള്ളവരോട് നമുക്ക് സ്വതസ്സിദ്ധമായ ശൈലിയിൽ പെരുമാറുവാൻ സാധിക്കുന്നുണ്ടോ എന്ന ആത്മപരിശോധന പ്രസക്തമാണ്. സ്വയം അകന്നു നിൽക്കുക, സ്വയം ഗർവ്വ് കാണിക്കുക, ഇങ്ങനെ കൊച്ചുകൊച്ച് അഭിനയ ശൈലികൾ നാം സ്വയം സ്വീകരിക്കാറുണ്ടെങ്കിൽ അതൊന്നും ഫലദായകമോ, ക്രൈസ്തവീയമോ അല്ല. നാം പരാജയങ്ങളിൽ നിന്ന് പരാജയങ്ങളിലേക്ക് കൂപ്പു കുത്തുമ്പോഴും മാറ്റങ്ങൾക്കായുള്ള ശ്രമങ്ങൾ സ്വയം നടത്തുന്നില്ലെങ്കിൽ അത് ഖേദകരമാണ്. ക്ഷമിക്കുവാനും, സഹിക്കുവാനും പഠിപ്പിച്ച യേശുവിന്റെ ശിഷ്യർ സ്നേഹത്തിന്റെയും, ക്ഷമയുടേയും, സഹനത്തിന്റെയും ബാലപാഠങ്ങൾ ഇനിയും പഠിക്കേണ്ടിയിരിക്കുന്നു. സഭയിലും, സമൂഹത്തിലും, നമ്മിലും മാറ്റങ്ങൾക്കായി ഈ ക്രിസ്മസ് വേളയിൽ നമുക്ക് ഒരുങ്ങാം. പുൽക്കൂട് അനന്തമായ സ്നേഹത്തിന്റെ ഉറവിടമാണെന്നുള്ള തിരിച്ചറിവിൽ നമുക്ക് പുൽക്കൂടിന്റെ ലാളിത്യത്തിലേക്ക് മടങ്ങാം. എല്ലാവർക്കും ക്രിസ്മസിന്റെ ഹൃദയം നിറഞ്ഞ ആശംസകൾ!!!




